## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1493

31.10.2019-ൽ മറുപടിക്ക്

## മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

ചോദ്യം | ഉത്തരം

| | ശ്രീ.വി. കെ. സി. മമ്മത് കോയ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ & ബി) | മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 2018-19 സാമ്പത്തിക വർഷം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയതിൻപ്രകാരം ആദ്യഘട്ടമായി പരമ്പരാഗത യാനങ്ങൾക്ക് (ഹള്ള്) മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. 647 മത്സ്യത്തൊഴിലാളികൾ (യാനങ്ങൾ) ടി പദ്ധതിയിൽ അംഗങ്ങളാകുകയും സർക്കാർ വിഹിതം പ്രീമിയം തുകയുടെ 90%, ഗുണഭോക്തൃ വിഹിതം 10% എന്ന രീതിയിൽ പൊതുമേഖലാസ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയത്. നിശ്ചിത വിലയുടെ 1.5% + ടാക്സ് പ്രീമിയം തുക ആയിട്ടാണ് കണക്കാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പ് വർഷം ഹള്ളിനു പുറമേ എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ലഭ്യമാകത്തക്ക വിധത്തിൽ പദ്ധതി നടപ്പാക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. നിലവിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ